# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 872 — 07.02.2013 - ൽ മറുപടിക്ക്

### സ്വകാര്യപങ്കാളിത്തമില്ലാതെ കുടിവെള്ള വിതരണത്തിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി കെ. കെ. ലതിക | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളമൊട്ടാകെ കുടിവെള്ള വിതരണത്തിനും പദ്ധതി നിർവ്വഹണത്തിനുമായി സിയാൽ മാതൃകയിൽ ഒരു നോഡൽ ഏജൻസി രൂപീകരിച്ചത് സാധാരണക്കാരൻ കുടിവെള്ളത്തിന് വലിയ വില നൽകാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതു ടാപ്പുകൾ നിർത്തലാക്കില്ലെന്ന് ഉറപ്പാക്കാൻ കഴിയുമോ; പ്രസ്തുത കമ്പനിയുടെ രൂപീകരണം വാട്ടർ അതോറിറ്റിയെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ഒരു പ്രത്യേക പ്രദേശത്തേക്ക് മാത്രമായി പരിമിതപ്പെടുത്തി ജലശുദ്ധീകരണം നടത്തി കുടിവെള്ളമായി വിതരണം ചെയ്യുന്ന പദ്ധതികൾ സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതിന്, സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പൊതുടാപ്പുകളുടെ നിലനില്പുമായി ഈ പദ്ധതിക്ക് യാതൊരു ബന്ധവുമില്ല. ഇതിന് വേണ്ടി വരുന്ന മുതൽമുടക്കിന്റെ 23% വാട്ടർ അതോറിറ്റി വഹിക്കുന്നതാണ്. കേരള സർക്കാരിന്റെ ഇക്വിറ്റി 26 ശതമാനവുമാണ്. |
| (ബി) പ്രസ്തുത കമ്പനി വില്ക്കുന്ന വിലയ്ക്കുതന്നെ വാട്ടർ അതോറിറ്റിക്ക് വെള്ളം വിൽക്കാൻ അനുവാദം നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) സിയാൽ മോഡൽ കമ്പനിയെ വെള്ളം വിൽക്കാൻ അനുവദിക്കുന്ന നിരക്ക് വാട്ടർ അതോറിറ്റിക്കനുവദിച്ചാൽ സ്വകാര്യപങ്കാളിത്തമില്ലാതെ തന്നെ പദ്ധതി നടപ്പിലാക്കാമെന്ന് വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം പരിഗണിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ? | (സി) പരിഗണിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ